**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5312** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിളനാശം മൂലമുണ്ടാകുന്ന കടബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വിളനാശം മൂലം കടബാധ്യതയിലായ കർഷകർക്ക് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് കൃഷി വകുപ്പ് മുഖേന നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത കർഷകർക്ക് വിളനാശം സംഭവിച്ചാൽ നിശ്ചിത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയ്ക്ക് കർഷകരുടെ പ്രീമിയം തുകയ്ക്ക് ഉപരിയായ പ്രീമിയം തുകയുടെ 50% തുക സബ്സിഡിയായി നൽകുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ച നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നെല്ലിന്റെ സംഭരണ വിലയും ഹാൻഡ്ലിംഗ് ചാർജ്ജും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിലുള്ള കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ് (CACP)ന്റെ ശുപാർശ പ്രകാരം കേന്ദ്ര സർക്കാരാണ് നെല്ലിന്റെ അടിസ്ഥാന താങ്ങുവില (MSP) പ്രഖ്യാപിക്കുന്നത്. അപ്രകാരം 2022-23 വർഷത്തിൽ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 20 രൂപ 40 പൈസയാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. 2022-23 സീസണിൽ കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസും കൂടി ചേർത്ത് കിലോഗ്രാമിന് 28 രൂപ 20 പൈസ സംഭരണ വിലയായി നിശ്ചയിച്ചാണ് സംസ്ഥാന സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ചു വരുന്നത്. കൂടാതെ ക്വിന്റലിന് 12/- രൂപ നിരക്കിൽ ഹാൻഡിലിങ് ചാർജ്ജും കർഷകർക്ക് നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | നെല്ലിന്റെ സംഭരണ വിലയും ഹാൻഡിലിങ് ചാർജ്ജും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന ഭക്ഷ്യ-പൊതു വിതരണ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സപ്ലൈകോ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| പദ്ധതി | തുക ലക്ഷത്തിൽ | | |
|---|---|---|---|
| | 2021-22 | 2022-23 | ആകെ |
| വിളനാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതം | 6493.47781 | 489.82774 | 6983.30555 |
| സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതം | 1690.62807 | 691.62855 | 2382.25662 |
| സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി | 4004.95005 | 4082.5129 | 8087.46295 |
| കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിക്കായി നൽകിയ പ്രീമിയം സബ്സിഡി | 6014.02090 | 5676.58348 | 11690.60438 |
| **ആകെ** | | | **29143.62950** |